എന്നാൽ കേന്ദ്ര ആരോഗ്യ കുടുബക്ഷേമവകുപ്പ് 21-6-2010-ലെ കത്ത് പ്രകാരം പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതിയിൽ താഴെപ്പറയുന്ന കംപോണന്റുകൾക്കുള്ള നിർദ്ദേശം നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു.

1. നേഴ്സുമാരുടെ പരിശീലനം.
2. നേഴ്സിംഗ് കോളേജുകളുടേയും സ്കൂളുകളുടേയും ശാക്തീകരണം.
3. നേഴ്സിംഗ് സ്കൂളുകളെ നേഴ്സിംഗ് കോളേജുകളായി ഉയർത്തൽ.

അതിൻപ്രകാരം ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് നേഴ്സിംഗ് കോളേജുകൾക്കുവേണ്ടിയുള്ള 196.079 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 7-1-2011-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ആയുർവേദ ഡിപ്പാർട്ടുമെന്റിൽ അറ്റന്റർ നിയമനത്തിലെ ക്രമക്കേട്

71 (521) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആയുർവ്വേദ ഡിപ്പാർട്ട്മെന്റിൽ അറ്റന്റർ ഗ്രേഡ് II തസ്തികയിലേക്കുള്ള തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് 3 വർഷത്തെ തുടർച്ചയായ സേവനം ആവശ്യമാണെന്ന് വകുപ്പ് ഉത്തരവിറക്കിയിട്ടും 2 വർഷം സർവ്വീസുള്ളവർക്ക് പ്രമോഷൻ നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഉണ്ട്. വിവധ റിട്ട് പെറ്റീഷനുകളുടെമേൽ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേസ്സുമായിബന്ധപ്പെട്ട ജില്ലകളിലെ ജില്ലാ മെഡിക്കലാഫീസർമാരാണ് 3 വർഷം സർവ്വീസ് തികയാത്ത ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് താൽക്കാലികമായി പ്രമോഷൻ നൽകിയിട്ടുള്ളത്. റിട്ടിൻമേലുള്ള അന്തിമവിധി ഇതുവരെയും ആയിട്ടില്ല. അന്തിമ വിധിക്കനുസരിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

ആയുർവ്വേദ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ പുതിയ തസ്തിക സൃഷ്ടിക്കാനുള്ള ശിപാർശ

72 (522) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കണമെന്ന് ഏതെങ്കിലും സമിതികൾ ശിപാർശ നൽകിയിരുന്നോ ; എങ്കിൽ ഏതൊക്കെ സമിതികൾ എന്ന് വ്യക്തമാക്കുമോ ; ഈ ശിപാർശകളുടെ വിശദവിവരം അറിയിക്കുമോ ;

(ബി) നിലവിൽ ഇവിടെ തസ്തികകൾ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് ഏതെങ്കിലും ഫയലുകൾ പരിഗണനയിൽ ഉണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ അവയുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് അറിയിക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്തുതന്നെ ഇവിടെ പുതിയ തസ്തികകൾ അനുവദിക്കുമോ ?

ഉത്തരം

(എ) സബ്ജറ്റ് കമ്മിറ്റി VI (സാമൂഹ്യ സേവനം) 2009-10 വർഷത്തെ ധനാഭ്യർത്ഥനകളുടെ 4-ാം റിപ്പോർട്ടിലെ 117-ാം ഖണ്ഡികപ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ പാരാ മെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനും ആഡിറ്റ് വിംഗ് രൂപീകരിക്കുന്നതിനുമായി പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് ശിപാർശചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ബന്ധപ്പെട്ട വകുപ്പുകളുടെ പരിശോധനയ്ക്കും ശിപാർശക്കും വിധേയമായി മാത്രമേ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളു.

ബാലനീതി നിയമം നടപ്പിലാക്കുവാൻ നടപടി

73 (523) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാലനീതി നിയമം നടപ്പിലാക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ബാലനീതി നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടിയിരുന്നത് ;

(സി) ബാലനീതി നിയമപ്രകാരം സംസ്ഥാനത്ത് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ബാലനീതി നിയമം നടപ്പിലാക്കുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുണ്ട്.

1.	ചിൽഡ്രൻസ് ഹോം	-	7
2.	ഒബ്സർവേഷൻ ഹോം	-	14
3.	സ്പെഷ്യൽ ഹോം	-	2

LIBRARY ARCHIVES Kerala Legislative Assembly